**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1780** **19-01-2021 - ൽ മറുപടിയ്ക്ക്**

**കാലിക്കറ്റ് യൂണിവേഴ്സിറ്റി കരാർ /ദിവസ വേതന അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരെ സ്ഥിരപ്പെടുത്തൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . അബ്ദുൽ ഹമീദ് .പി . | | Dr.K.T.Jaleel<br>(ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
| (എ) | കരാർ /ദിവസ വേതന അടിസ്ഥാനത്തിൽ പത്തുവർഷം ജോലി ചെയ്യുന്നവരെ സ്ഥിരപ്പെടുത്തി കാലിക്കറ്റ് യൂണിവേഴ്സിറ്റി തീരുമാനം എടുത്തിട്ടുണ്ടോ; സ്റ്റേറ്റ് ഓഫ് കർണ്ണാടക Vs ഉമാദേവി അപ്പീൽ (civil) 3595-3612 of 1999 കേസിലെ സുപ്രീം കോടതി ഉത്തരവുകൾക്ക് വിധേയമായിട്ടാണോ ഇപ്രകാരം സ്ഥിരപ്പെടുത്തിയത് എന്ന് വ്യക്തമാക്കാമോ; | (എ) | ഇക്കാര്യം സർക്കാർ പരിശോധിച്ചിട്ടില്ല. |
| (ബി) | ഏതൊക്കെ തസ്തികകളിലാണ് നിയമനം സ്ഥിരപ്പെടുത്തിയത് ;സ്ഥിരപ്പെടുത്തിയ തസ്തികയുടെ സാങ്ഷൻഡ് സ്ട്രംഗ്ത് എത്രയാണ്; ഇപ്രകാരം സ്ഥിരപ്പെടുത്താനായി സൂപ്പർ ന്യൂമററി തസ്തികകൾ ഏതെല്ലാം വിഭാഗത്തിൽ സൃഷ്ടിക്കുന്നുണ്ട്; സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിക്കുന്നതിനായി സ്റ്റാറ്റ്യൂട്ടറി ഫിനാൻസ് കമ്മിറ്റി കൂടിയിട്ടുണ്ടോ; വിവരങ്ങൾ ലഭ്യമാക്കാമോ; | (ബി) | പ്രോഗ്രാമർ (സാങ്ഷൻഡ് സ്ട്രെങ്ത്ത് - 5) തസ്തികയിൽ കരാർ അടിസ്ഥാനത്തിൽ പത്ത് വർഷം പൂർത്തിയാക്കിയ 2 പേരെ അവരുടെ യോഗ്യത അനുസരിച്ച് ഒരാളെ പ്രോഗ്രാമർ തസ്തികയിലും, ഒരാളെ അസ്സിസ്റ്റന്റ് പ്രോഗ്രാമർ (സാങ്ഷൻഡ് സ്ട്രെങ്ത്ത് - 5) തസ്തികയിലും, ഇലക്ട്രിസിറ്റി വർക്കർ തസ്തികയിൽ (സാങ്ഷൻഡ് സ്ട്രെങ്ത്ത്-5) 10 വർഷം പൂർത്തിയാക്കിയ 7 പേരെയും, 6 പേർക്ക് ഡ്രൈവർ കം ഓഫീസ് അറ്റൻഡന്റ് (ലൈറ്റ് മോട്ടോർ വെഹിക്കിൾ) (സാങ്ഷൻഡ് സ്ട്രെങ്ത്ത്-10) തസ്തികയിലും, ഒരാളെ റൂം ബോയ് കം ബേറെർ തസ്തികയിലും (സാങ്ഷൻഡ് സ്ട്രെങ്ത്ത് -3) സ്ഥിരപ്പെടുത്തി യിട്ടുണ്ട്. പ്രോഗ്രാമർ, അസ്സിസ്റ്റന്റ് പ്രോഗ്രാമർ, ഇലക്ട്രിസിറ്റി വർക്കർ, ഡ്രൈവർ കം ഓഫീസ് അറ്റൻഡന്റ് (ലൈറ്റ് മോട്ടോർ വെഹിക്കിൾ) തസ്തികകളിൽ സൂപ്പർന്യൂമററി തസ്തികകൾ സൃഷ്ടിച്ച് കൊണ്ടാണ് നിയമനം നടത്തിയി ട്ടുള്ളത്. സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിക്കുന്നതിനായി സ്റ്റാറ്റ്യൂട്ടറി ഫിനാൻസ് കമ്മറ്റി കൂടിയിട്ടില്ല . |
| (സി) | ഇപ്രകാരം സ്ഥിരപ്പെടുത്താനുള്ള സിൻഡിക്കേറ്റ് തീരുമാനം സെനറ്റ് അംഗീകരിച്ചിട്ടുണ്ടോ; | (സി) | സെനറ്റ് അംഗീകരിച്ചിട്ടില്ല സ്ഥിര പ്പെടുത്തുന്നതുമൂലം സർവ്വകലാശാല ക്കുള്ള |

| | | | |
|---|---|---|---|
| | സ്ഥിരപ്പെടുത്തുന്നതുമൂലം സർവ്വകലാശാലക്കുള്ള സാമ്പത്തിക ബാധ്യത കണക്കാക്കിയിട്ടുണ്ടോ; | | സാമ്പത്തിക ബാധ്യത കണക്കാക്കിയിട്ടില്ല. |
| (ഡി) | ഇങ്ങനെ വരുന്ന സാമ്പത്തിക ബാധ്യതയുടെ കാര്യം സ്റ്റാറ്റ്യൂട്ടറി ഫിനാൻസ് കമ്മിറ്റിയെയോ ഗവൺമെന്റിനെയോ അറിയിച്ചിട്ടുണ്ടോ; | (ഡി) | ഇല്ല, സ്ഥിരപ്പെടുത്തിയത് സർക്കാ രിന്റെ അനുവാദം വാങ്ങിയിരിക്കണം എന്ന നിബന്ധനയോട് കൂടിയാണ്. |
| (ഇ) | ഇതുമായി ബന്ധപ്പെട്ട സിൻഡിക്കേറ്റ് തീരുമാനത്തിൽ ഉൾപ്പെടാത്ത തസ്തികയിൽ കരാർ/ ദിവസ വേതന വ്യവസ്ഥയിൽ ജോലി ചെയ്യുന്നവരെ സ്ഥിരപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ; | (ഇ) | ഇല്ല |
| (എഫ്) | കരാർ / ദിവസ വേതന അടിസ്ഥാനത്തിൽ 10 വർഷം ജോലി ചെയ്യുന്നവരെ സ്ഥിരപ്പെടുത്തിയാൽ സർവ്വകലാശാലക്ക് ഉണ്ടാകുന്ന അധിക സാമ്പത്തിക ബാധ്യത എത്രയെന്ന് രേഖാമൂലം വ്യക്തമാക്കിയിട്ടുണ്ടോ; ഇതു സംബന്ധിച്ച് സിൻഡിക്കേറ്റ് യോഗത്തിൽ അജണ്ടയായി വെച്ച കുറിപ്പിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (എഫ്) | രേഖാമൂലം വ്യക്തമാക്കിയിട്ടില്ല, സിൻഡിക്കേറ്റ് യോഗത്തിൽ അജണ്ടയായി വച്ച കുറിപ്പിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ജി) | കേരളത്തിലെ സർവ്വകലാശാലകളിലെ അനധ്യാപക തസ്തികകകളിലെ ഒഴിവുകളിലേക്ക് റാങ്ക് ലിസ്റ്റ് തയ്യാറാക്കാനുള്ള അധികാരം പി.എസ്.സി യിൽ നിക്ഷിപ്തമായിരിക്കെ, കാലിക്കറ്റ് സർവ്വകലാശാല അനധ്യാപക തസ്തികകളിൽ നിയമനം/സ്ഥിരപ്പെടുത്തൽ നടത്താൻ സിൻഡിക്കേറ്റിന് അധികാരമുണ്ടോ എന്ന് വ്യക്തമാക്കാമോ? | (ജി) | കേരളത്തിലെ സർവകലാശാല കളിലെ അനദ്ധ്യാപക തസ്തിക കളിലെ ഒഴിവുകളിലേക്ക് റാങ്ക് ലിസ്റ്റ് തയ്യാറാക്കാനുള്ള അധികാരം 19.12.2015 ൽ നിലവിൽ വന്ന Kerala Public Service Commission (Additional Functions as Respects the Universities) Act, 2015 (Act 18 of 2015) പ്രകാരം പി.എസ്.സി യ്ക്ക് നൽകിയിട്ടുണ്ട്. എന്നാൽ ആക്ട് 23 (viii), കാലിക്കറ്റ് യൂണിവേഴ്സിറ്റി ആക്റ്റ് 1975 പ്രകാരം യൂണിവേഴ്സിറ്റിയിലെ അനദ്ധ്യാപക തസ്തികകളിൽ നിയമനം നടത്താനുള്ള അധികാരം സിണ്ടിക്കേറ്റിനുണ്ട്. |

സെക്ഷൻ ഓഫീസർ

**UNIVERSITY OF CALICUT**

**(AD.-K)**

No. 212633/AD-K-ASST-3/2020/Admn                                                    Dated: 30.12.2020

## <u>NOTE TO THE SYNDICATE</u>

| | |
|---|---|
| 1.Title of the Agenda item | :കാലിക്കറ്റ് സർവകലാശാലയിൽ താഴെ പറയുന്ന തസ്തികകളിൽ ദിവസക്കൂലി/ കരാർ അടിസ്ഥാനത്തിലോ അല്ലെങ്കിൽ രണ്ടും ഉൾപ്പെടെയോ പത്തു വർഷമോ അതിലധികമോ കാലയളവിൽ സേവനം പൂർത്തിയാക്കിയ ജീവനക്കാരെ സ്ഥിരനിയമനത്തിനായി പരിഗണിക്കുന്നത് സംബന്ധിച്ച്. |
| 2.Nature of the Agenda item | :അടിയന്തിരം |
| 3.Name of the Beneficiary | :കാലിക്കറ്റ് സർവകലാശാലയിൽ താഴെ പറയുന്ന തസ്തികകളിൽ ദിവസക്കൂലി/ കരാർ അടിസ്ഥാനത്തിലോ അല്ലെങ്കിൽ രണ്ടും ഉൾപ്പെടെയോ പത്തു വർഷമോ അതിലധികമോ കാലയളവിൽ സേവനം പൂർത്തിയാക്കിയ ജീവനക്കാർ |
| 4.Financial Requirement | : |
| 5.Budget Head | : |
| 6.Balance Amount in the Head | : |
| 7.Recommendation of Standing Committee, if any with ref | : |
| 8. a)Name of the Assistant who prepared the note | : മഞ്ജുശ്രീ.വി.പി. |
| <u>Verified By</u> | : |
| b)Name of the Section Officer | : ജിൻമേഷ്.കെ |
| c)Name of the A/R | : റഫീ ദ.പി.ഒ |
| 9.Remarks of the Finance Officer | : |
| 10. Documents attached- indicate Ref:- | : U O No.12775/2020/Admn dated 19.12.2020 |
| 11.Specific remarks of the Branch Officer with respect to violation of Act/Statute,if any | : |

# DETAILED NOTE

**കാലിക്കറ്റ് സർവകലാശാലയിൽ ദിവസക്കൂലി/ കരാർ അടിസ്ഥാനത്തിലോ അല്ലെങ്കിൽ രണ്ടും ഉൾപ്പെടെയോ പത്തു വർഷമോ അതിലധികമോ കാലയളവിൽ സേവനം പൂർത്തിയാക്കിയ ജീവനക്കാരെ സ്ഥിരനിയമനത്തിനായി പരിഗണിക്കുന്നത് സംബന്ധിച്ച്**

കാലിക്കറ്റ് സർവകലാശാലയിൽ ദിവസക്കൂലി/ കരാർ അടിസ്ഥാനത്തിലോ അല്ലെങ്കിൽ രണ്ടും ഉൾപ്പെടെയോ പത്തു വർഷമോ അതിലധികമോ കാലയളവിൽ സേവനം പൂർത്തിയാക്കിയ ഗാർഡനേഴ്സ്, വാച്ച്മാൻ എന്നിവരെ സർവ്വകലാശാല സർവീസിൽ സ്ഥിരപ്പെടുത്തണം എന്നഭ്യർത്ഥിച്ചുകൊണ്ടുള്ള നിവേദനങ്ങൾ ലഭിക്കുകയുണ്ടായി. ഇക്കാര്യം പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന തസ്തികകളിൽ പത്തുവർഷത്തിലോ അതിലധികമോ ദിവസക്കൂലി/ കരാർ അടിസ്ഥാനത്തിലോ രണ്ടും ഉൾപ്പെടെയോ ജോലി ചെയ്തു വരുന്ന താത്കാലിക ജീവനക്കാർ ഉള്ളതായി കാണുന്നു.

**തസ്തികകൾ**

1.ഡ്രൈവർമാർ

2.വാച്ച്മാൻ

3.റൂം ബോയ്സ്

4.എൻജിനിയറിംഗ് ഡിപ്പാർട്ട്മെൻറ്സിലെ ജീവനക്കാർ (ഇലക്ട്രിസിറ്റി വർക്കർ , ഫിൽറ്റർ പ്ലാന്റ് ക്ളീനർ, പമ്പ് ഓപ്പറേറ്റർ)

5.ഗാർഡനേർസ്

6.കമ്പ്യൂട്ടർ പ്രോഗ്രാമേഴ്സ്.

ഈ വിഷയവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന വസ്തുതകൾ കൂടി ശ്രദ്ധയിൽ പെടുത്തുന്നു

കേരളത്തിലെ സർവകലാശാലകളിലെ അനദ്ധ്യാപക തസ്തികകളിലേക്കുള്ള നിയമനം പി എസ് സി യ്ക്കു വിട്ടുകൊണ്ട് സർക്കാർ ഉത്തരവായിരുന്നു. 06.11.2020 തിയതിയിലെ സ.ഉ(അ)37/2020/ഉ.വി.വ പ്രകാരം സർവകലാശാലകളിലെ അനദ്ധ്യാപക തസ്തികകളിലേക്കുള്ള യോഗ്യത, വയസ്സ്, ശമ്പള സ്കെയിൽ, നിയമന രീതി, നിരീക്ഷണ കാലഘട്ടം എന്നിവ നിർണ്ണയിച്ച് സർക്കാർ ഉത്തരവായിരുന്നു. പ്രസ്തുത സർക്കാർ ഉത്തരവ് U O No. 12775/2020/Admn dated 19.12.2020 പ്രകാരം സർവകലാശാലയിൽ നടപ്പിലാക്കിയിട്ടുണ്ട്.

സർവ്വകലാശാലാ ഓർഡിനൻസിൽ ഉൾപ്പെട്ട മേല്പറഞ്ഞ തസ്തികകൾ സർവ്വകലാശാലയുടെ ദൈനംദിന പ്രവർത്തനങ്ങൾക്കു അനിവാര്യമാണ്. ഓർഡിനൻസിൽ നിഷ്കർഷിച്ച യോഗ്യതയുള്ള അപേക്ഷകരിൽ നിന്നും നടപടിക്രമങ്ങൾ പരിപാലിച്ചുകൊണ്ടാണ് മേല്പറഞ്ഞ താത്കാലിക നിയമനങ്ങൾ നടത്തിയിട്ടുള്ളത് . കൂടാതെ സമാന രീതിയിൽ സർക്കാർ /അർദ്ധ സർക്കാർ /പൊതുമേഖലാ സ്ഥാപനങ്ങളിൽ പത്ത് വർഷം സേവനം പൂർത്തീകരിച്ച താത്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തിയിട്ടുള്ളതായും നിവേദനത്തിൽ ചൂണ്ടിക്കാട്ടുന്നു.

കൂടാതെ പത്തുവർഷത്തിലധികമായി താത്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്യുവരെ സ്ഥിരപ്പെടുത്തണമെന്നു ബഹു: സുപ്രീം കോടതി നിർദ്ദേശിച്ചതായും നിവേദനത്തിൽ പറയുന്നു. (Umadevi Vs. Secretary, State of Karnataka)

കാലിക്കറ്റ് സർവകലാശാലയിൽ മുകളിൽ പറഞ്ഞിരിക്കുന്ന തസ്തികകളിൽ ദിവസക്കൂലി/ കരാർ അടിസ്ഥാനത്തിലോ അല്ലെങ്കിൽ രണ്ടും ഉൾപ്പെടെയോ പത്തു വർഷമോ അതിലധികമോ കാലയളവിൽ സേവനം പൂർത്തിയാക്കിയ ജീവനക്കാർക്ക് സ്ഥിരനിയമനം നൽകുന്ന വിഷയം സിണ്ടിക്കേറ്റിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുന്നു.

| | Name | Signature |
|---|---|---|
| Asst. | മഞ്ജുശ്രീ വി.പി. | |
| SO | ജിൻമേഷ്.കെ | [signature] |
| AR | റഫീദ.പി.ഒ | [signature] |
| DR | ജ്യോതി കുമാർ. സി | [signature] |
| JR | | |

[signature]
Dr. Joshy C.L.